gives grant amounting to a total of Rs. 115/- to three mofussil schools for supplying noon conjee to poor pupils there. The Fund also gives at its expense morning conjee daily to the inmates of the Sri Chitra Home, the average number of which is now 230. There is no discrimination on the basis of caste or creed.

(b) No.

വിഷവൈദ്യശാല.

222. [18] ശ്രീ. പി. കെ. അബ്ദുൾഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിസ്ട്രിക്ടിൽപ്പെട്ട ഏതെല്ലാം താലൂക്കുകളിൽ വിഷവൈദ്യശാല ഇല്ലാതെയുണ്ട് ;

(ബി) കൊടുങ്ങല്ലൂർ താലൂക്കിൽ ഒരു വിഷവൈദ്യശാല ഇല്ലെന്നുള്ള സംഗതി ഗവണ്മെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തെ സംബന്ധിച്ചു ഗവണ്മെന്റിലേക്ക് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അനുകൂലമായ നടപടി ഉടനടി സ്വീകരിക്കാൻ ഭയവുണ്ടാകുമോ ?

ഉത്തരം.

(എ) കൊടുങ്ങല്ലൂർ താലൂക്കിൽമാത്രം ഗവണ്മെന്റ് വിഷവൈദ്യശാല ഇല്ല.

(ബി) അവിടെ ഒരു ഗ്രാന്റ് വിഷവൈദ്യശാലയുണ്ട്.

(സി) ഉണ്ട്.

(ഡി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ പരിഗണിക്കാം.

വീട് തീവച്ചു നശിപ്പിച്ചതിന്മേലുള്ള പരാതി.

223 [19] ശ്രീ പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പുറമ്പോക്കുഭൂമി കുത്തകപ്പാട്ടവ്യവസ്ഥയിൽ കൈവശം വച്ചുകൊണ്ടിരുന്ന കൊല്ലം താലൂക്കിൽ മീനാട് പകുതിയിലെ ഒരു ഹരിജൻ സമുദായത്തിന്റെ വീട് തീവച്ചു നശിപ്പിച്ചതായി ഒരു പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തീവെയ്പ്, അന്യായമായി വസ്തുവിൽ പ്രവേശിക്കൽ, ഭീഷണിപ്പെടുത്തൽ മുതലായ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ ഗൌരവതരങ്ങളായ കുറ്റങ്ങൾ ചെയ്തവരെ ഒഴിച്ചുനിറുത്തിക്കൊണ്ട്, ഈ കുറ്റങ്ങൾ ചെയ്തു എന്നു പരാതിപ്പെട്ടയാളിന്റെപേരിൽ പാറശ്ശാല പോലീസ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ദിവാകരപ്പണിക്കർ ഒരു കേസ് ചാർജ്ജ് ചെയ്തതായി ഗവണ്മെന്റിനു പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) അതിന്മേൽ അന്വേഷണം നടത്തിയോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ഉണ്ട്.
(ബി) ഉണ്ട്.
(സി) നടത്തി.

പഞ്ചായത്ത് അസിസ്റ്റൻറ് ഡയറക്ടർ ആഫീസ്.

224. (22) ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം ഡിസ്ട്രിക്ടിൽ ഒരു പഞ്ചായത്ത് അസിസ്റ്റൻറ് ഡയറക്ടർ ആഫീസുകൂടി സ്ഥാപിക്കുന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുമോ ?

ഉത്തരം.

ഒരു ആഫീസുകൂടി സ്ഥാപിക്കേണ്ടതായ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

Export of Tea.

225. [24] SHRI T. T. DANIEL : Will the Chief Minister be pleased to State :

(*a*) how many tons of tea were exported from the Travancore-Cochin State in the years 1952, 1953 and 1954; and

(*b*) their price ?

Answer.

(*a* & *b*) The quantity of tea exported and their price are as follows :-

Year	*Quantity*	*Price.*
1951-52	32,356 tons.	Rs. 1-9-9 per lb.
1952-53	32,418 ,,	1-14-5 ,,
1953-54	33,717 ,,	2-13-2 ,,
1954-55	35,721 ,,	2-6-11 ,, (till August end)

Tea Cultivation.

226. [25] SHRI T. T. DANIEL : Will the Minister for Land Revenue be pleased to state :

(*a*) what is the total extent of land under tea cultivation;

(*b*) how many acres of tea estates are in the name of companies ;

(*c*) how many pattadars are holding above 25 acres of land under tea cultivation; and

LIBRARY ARCHIVES Kerala Legislative Assembly